# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.430      26-04-2017-ലെ മറുപടിക്ക്

**ചോദ്യം**      **ഉത്തരം**

ശ്രീ.എ.പി. അനിൽകുമാർ

ഡോ.ടി.എം. തോമസ് ഐസക്
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>സർക്കാരിന്റെ കടബാധ്യതകൾ</u>**

<table>
<tr><td>(എ)</td><td>ഈ സർക്കാർ കടപത്രങ്ങൾ വഴിയും മറ്റും എത്ര തുക വായ്പയെടുത്തു ;</td><td>ഈ സർക്കാർ അധികാരമേറ്റെടുത്തതിനു ശേഷം 20.04.2017 വരെ കടപത്രങ്ങൾ വഴി 16,500 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ 31.12.2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം 01.05.2016 മുതൽ 31.12.2016 വരെ കടപത്രങ്ങൾ മുഖേന സമാഹരിച്ചതടക്കം 13574.64 കോടി രൂപ വായ്പയായി എടുത്തിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഈ സർക്കാർ വായ്പ എടുത്ത തുക, കടബാദ്ധ്യതകൾ തീർക്കുന്നതിനുവേണ്ടി ചെലവഴിക്കുകയുണ്ടായോ ; എങ്കിൽ എത്ര തുക മറ്റാവശ്യങ്ങൾക്കായി ചെലവഴിക്കുകയുണ്ടായി ;</td><td>വായ്പയെടുക്കുന്ന തുകയിൽ ഒരു ഭാഗം സർക്കാരിന്റെ ദൈനംദിന ചെലവിന് വിനിയോഗിക്കാറുണ്ട്. വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിതനിധിയിൽ മറ്റു വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്രവീതം വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല.</td></tr>
<tr><td>(സി)</td><td>സർക്കാർ പുറപ്പെടുവിച്ച ധവളപത്രത്തിൽ കടം എടുത്ത തുക നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നതിനെ വിമർശിച്ചുട്ടുണ്ടായിരുന്നുവോ ;</td><td rowspan="2">ഇല്ല</td></tr>
<tr><td>(ഡി)</td><td>എങ്കിൽ ധവളപത്രത്തിലൂടെ മുൻസർക്കാരിനെതിരെ നടത്തിയ വിമർശനങ്ങൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**